⇨ ഏതു വേനലിലും ആ ശീതളിമയിൽ ഇരുന്നാൽ മതിവരില്ല ⇨

# പെരുച്ചാഴികളുടെ വാഴ്വ്

കേരള സംഗീതനാടക അക്കാദമിയുടെ പ്രസിദ്ധീകരണങ്ങൾ വില്ക്കാൻ വേണ്ടി പണിയുന്ന പുതിയ കെട്ടിടത്തിന് അക്കാദമി അധികൃതർ സ്ഥലം കണ്ടെത്തിയിരിക്കുന്നത് റീജിയണൽ തീയേറ്ററിന് മുന്നിലെ പ്രശസ്തമായ നാട്ടുമാവിന്റെ ശിഖരങ്ങൾക്ക് കീഴിലാണ്. കെട്ടിട നിർമ്മാണം തുടങ്ങിയതോടെ, മരത്തിന് ദോഷകരമാവുന്ന രീതിയിൽ കെട്ടിടം പണിയുന്നത് അനുവദിക്കാനാവില്ലെന്ന് പ്രഖ്യാപിച്ച് പരിസ്ഥിതി പ്രവർത്തകർ രംഗത്തെത്തിയോതെ പണി താത്കാലികമായി നിലച്ചിരിക്കുകയാണ്.

**എസ്. നാരായണൻ**

**മാങ്കോസ്റ്റിൻ** മരം കണ്ടാൽ വൈക്കം മുഹമ്മദ് ബഷീറിനേയും, പൂത്തുനിൽക്കുന്ന നീർമാതളം കണ്ടാൽ മാധവിക്കുട്ടിയേയും ഓർമ്മയിൽ വരാത്തവരുണ്ടാവില്ല. കണിക്കൊന്നയില്ലാതെ വൈലോപ്പിള്ളിയെയോ, ഒരു മാവിൻ പൂക്കുലയില്ലാതെ പി. കുഞ്ഞിരാമൻനായരെയോ സങ്കല്പിക്കാനാവില്ല. കരിമ്പനപ്പട്ടകൾക്കിടയിൽ കാറ്റ് കലമ്പൽ കൂട്ടുമ്പോഴേക്കും ഒ.വി. വിജയൻ സ്മരണയിൽ ഉണരും. സർഗ്ഗാത്മകത വൃക്ഷങ്ങളുമായി വിസ്മയകരമാംവിധം സമരസപ്പെട്ടിരിക്കുന്നു. ബോധിവൃക്ഷത്തണലിലല്ലാതെ ബുദ്ധചരിതം പൂർണ്ണമാകുമോ?

വ്യക്തികൾക്കു മാത്രമല്ല പല സ്ഥാപനങ്ങൾക്കും വൃക്ഷങ്ങളുമായി അഭേദ്യമായ ബന്ധമാണുള്ളത്. പഠിച്ച വിദ്യാലയങ്ങളും കലാലയങ്ങളും ഓർക്കുന്നതും ഇടയ്ക്കൊക്കെ സന്ദർശിക്കുന്നതും അവിടത്തെ വൃക്ഷസാന്നിദ്ധ്യം മനസ്സിലുദിക്കുന്നതുകൊണ്ടാണ്. വിദേശങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ ഇടക്കിടെ നാട്ടിൽ വന്നു പോകുന്നത് ബന്ധുമിത്രാദികളെ കാണുവാൻ വേണ്ടി മാത്രമാവില്ല, കാറ്റിലാടുന്ന തെങ്ങിൻതലപ്പുകളുടെ ദൃശ്യംകണ്ട് നിർവൃതിയണയാൻ കൂടിയായിരിക്കും.

തൃശൂർ സംഗീതനാടക അക്കാദമിയുടെ റീജിയണൽ തിയ്യറ്ററിന്റെ മുറ്റത്ത് പ്രൗഢഗാംഭീര്യത്തോടെ പടർന്നു പന്തലിച്ചു നിൽക്കുന്ന നാട്ടുമാവ് അവിടെ ഒരിക്കലെങ്കിലും വന്നിട്ടുള്ളവർ ശ്രദ്ധിച്ചിരിക്കും. അത്യപൂർവ്വമായ ശാഖാവിന്യാസമാണ് ആ മാവിന്റേത്. ഫലങ്ങൾ നൽകുന്നതിനേക്കാൾ ഉപരിയായി തണൽ നൽകുക എന്നതാണ് തന്റെ ജന്മദൗത്യം എന്ന് വിളിച്ചുപറയുന്നതുപോലെയാണ് അതിന്റെ നില്പ്. ഒരു ജലധാരായന്ത്രത്തിൽ നിന്നും വെള്ളം മുകളിലേക്കുയർന്ന് അകലേക്കു മാറി മണ്ണിലേക്കു പതിക്കുന്നതുപോലെയാണ് ആ മാവിന്റെ ശിഖരങ്ങൾ രൂപപ്പെട്ടിരിക്കുന്നത്. മണ്ണിൽ മുട്ടിനിൽക്കുന്ന ഇലച്ചാർത്തുകളെ വകഞ്ഞുമാറ്റി അകത്തേക്കു കടന്നാൽ നൂറോളം പേർക്ക് വിശ്രമിക്കാൻ സാധിക്കുന്ന വിധം വിശാലമായ തണലിടമാണ്. ഏതു വേനലിലും ആ ശീതളിമയിൽ ഇരുന്നാൽ മതിവരില്ല. മാവിനുചുറ്റും തറകെട്ടിയിരിക്കുന്നു. തറയെ അഭിമുഖീകരിച്ച് ഇരിക്കാനോ കിടക്കാനോ കഴിയുന്നവിധം അർദ്ധവൃത്താകൃതിയിൽ ഗാലറിപോലെ രണ്ട് പടികളോടുകൂടി പണിതീർത്തിട്ടുള്ള മറ്റൊരു സംവിധാനം കൂടിയുണ്ട്. മാവ് നൽകുന്ന അതിവിശാലമായ തണലാണ് ഇങ്ങിനെയൊരു നിർമ്മിതി സാദ്ധ്യമാക്കിയത്. പല സംഘടനകളും അവിടെ ചെറിയ യോഗങ്ങൾ നടത്താറുണ്ട്. അമ്പതിലധികം

⇨ വില്പനശാലാ കെട്ടിടം പണിയുന്നതിന് അക്കാദമി കോംപൗണ്ടിൽ വേണ്ടത്ര സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട് ⇨



പേർക്ക് ഇരിക്കാൻ സൗകര്യമുള്ളതാണ് അർദ്ധവൃത്താകൃതിയിലുള്ള ഇരിപ്പിടം.

നൂറിലധികം വർഷം പ്രായമുള്ള ഈ മുത്തശ്ശിമാവ് കാരുണ്യമാർന്ന ആതിഥ്യം ഇപ്പോഴും തുടരുകയാണ്. എത്രയോ തലമുറകൾ അതിന്റെ തണലേറ്റും മധുരം നുകർന്നും കടന്നുപോയി! തദ്ദേശീയരിൽ നിന്നുമാത്രമല്ല എത്രയോ വിദേശീയരിൽ നിന്നും പ്രശംസാവചനങ്ങളും ആദരശബ്ദങ്ങളും ഈ അങ്കണമുത്തശ്ശി ഏറ്റുവാങ്ങിക്കഴിഞ്ഞു! ഓരോ വർഷവും അന്താരാഷ്ട്ര നാടകോത്സവത്തിന് പങ്കെടുക്കാൻ എത്തുന്ന ലാറ്റിനമേരിക്കക്കാരും യൂറോപ്പിൽ നിന്നെത്തുന്നവരും മണലാരണ്യനിവാസികളും, ശ്രീലങ്കക്കാരും തൃശൂരിൽവെച്ചു പരിചയപ്പെടുന്ന സുഹൃത്തുക്കളോട് സ്ഥിരമായി പറയുന്ന ഒരു വാചകം 'നിങ്ങളുടെ നാട് എത്ര സുന്ദരമാണ്' എന്നാണ്. അതിനു പ്രധാന കാരണം, നാടകോത്സവം നടക്കുന്ന ഒരാഴ്ചക്കാലം അവർ വ്യാപരിക്കുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളായ സംഗീതനാടക അക്കാദമി, രാമനിലയം, സാഹിത്യഅക്കാദമി എന്നിവിടങ്ങളിലെ വൃക്ഷനിബിഢതയാണ്. ശക്തൻ തമ്പുരാൻ കൊട്ടാരത്തിനും രാമനിലയത്തിനും ഇടയിലെ വഴിയിലൂടെ നടക്കുമ്പോൾ അവിടത്തെ പച്ചപ്പിന്റെ ധാരാളിത്തം കണ്ട് അവർ ഉന്മാദത്തോളം എത്താറുണ്ട്. രാമനിലയത്തിനു മുന്നിൽ വടവൃക്ഷം പോലെ നിന്നിരുന്ന ഏഴിലംപാല പി.ഡബ്ല്യു.ഡിയും വനംവകുപ്പും ചേർന്ന് മരം ലേലം ചെയ്തയാൾക്കും ഉദ്യോഗസ്ഥർക്കും കീശ വീർപ്പിക്കാൻ വേണ്ടിമാത്രം വെട്ടിമാറ്റിയിരുന്നല്ലോ. പിറ്റേവർഷം എത്തിയ രണ്ടുമൂന്ന് വിദേശനാടക കലാകാരന്മാർ ആ ഏഴിലം പാലയ്ക്ക് എന്തുപറ്റിയെന്ന് പ്രത്യേകം ആരായുകയുണ്ടായി. അപ്പോഴാണ് അവർ എത്രമാത്രം ഇതൊക്കെ ഉള്ളിൽ കൊണ്ടുനടക്കുന്നു എന്ന് മനസ്സിലാകുന്നത്.

തദ്ദേശീയരേയും വിദേശികളേയും ഇത്രമാത്രം ആകർഷിച്ച ഈ മുത്തശ്ശിമാവിനെ പറ്റി ഇത്രയും വിസ്തരിക്കാൻ കാരണമുണ്ട്.



സംഗീതനാടക അക്കാദമിയുടെ പ്രസിദ്ധീകരണങ്ങൾ വില്ക്കാൻ വേണ്ടി പണിയുന്ന പുതിയ കെട്ടിടത്തിന് അക്കാദമിയുടെ ചെയർമാൻ കൃഷ്ണമൂർത്തിയും സെക്രട്ടറി പി.വി. കൃഷ്ണൻനായരും കണ്ടെത്തിയിരിക്കുന്ന സ്ഥലം ഈ നാട്ടുമാവിന്റെ ശിഖരങ്ങൾക്ക് കീഴിലാണ്. ഇരുപത് അടി ഉയരത്തിൽ കൂത്തമ്പലത്തിന്റെ മാതൃകയിലാണത്രേ വില്പനശാലാ കെട്ടിടം ഉയരാൻ പോകുന്നത്. മരത്തിനു ചുവട്ടിൽ കരിങ്കല്ലിൽ അടിത്തറ പണിതു കഴിഞ്ഞു. മുൻ മുഖ്യമന്ത്രിയും മുൻ വിദ്യാഭ്യാസമന്ത്രിയും നട്ട മഹാഗണിയും കണിക്കൊന്നയും നെല്ലിയും ജെ.സി.ബി. ഉപയോഗിച്ച് പിഴുതുമാറ്റിയിട്ടാണ് അടിത്തറ പണിതിരിക്കുന്നത്. ഒമ്പതു വർഷത്തോളം പ്രായമായ മരങ്ങൾ വേറെ ഒരിടത്ത് മാറ്റി കുഴിച്ചിട്ടത് ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും കരിഞ്ഞുപോയി. കോൺക്രീറ്റ് കട്ട ഉപയോഗിച്ച് പണിയുന്ന ചുവരിന്റെ ഉയരം മൂന്നടിയോളം എത്തി. തടസ്സമായി നിന്ന രണ്ട് ശിഖരങ്ങൾ മുറിച്ചുമാറ്റി. ഇതറിഞ്ഞ് തൃശൂരിലെ പരിസ്ഥിതി പ്രവർത്തകർ പരാതിയുമായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ സമീപിച്ചു. ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള യാതൊരു വിധ അനുമതിയും വനം വകുപ്പിൽ നിന്ന് അക്കാദമിക്ക് കൊടുത്തിട്ടില്ല. സർക്കാർ സ്ഥാപനങ്ങളിലെ വൃക്ഷങ്ങളോ അതിന്റെ ശാഖകളോ മുറിച്ചുമാറ്റണമെങ്കിൽ വനം വകുപ്പിന്റെ അനുമതി നിർബന്ധമാണ്. അക്കാദമിയുടെ ഭാഗത്തുനിന്നും ഒരു അപേക്ഷ പോലും വനം വകുപ്പിൽ എത്തിയിട്ടില്ല. മരത്തിന് ദോഷകരമാവുന്ന രീതിയിൽ കെട്ടിടം പണിയുന്നത് അനുവദിക്കാനാവില്ലെന്നും നിയമത്തെ കാറ്റിൽ പറത്തികൊണ്ടുള്ള വൃക്ഷഹത്യ അതിക്രമമാണെന്നും പറഞ്ഞ് ഏതാനും പരിസ്ഥിതി പ്രവർത്തകർ നിർമ്മാണത്തൊഴിലാളികളെ തടഞ്ഞു. അതിനെതുടർന്ന് അവർ പണി നിർത്തി സ്ഥലം വിട്ടിരിക്കുകയാണ്.

കൊച്ചിയിലെ ലുലുമാളിന്റെ വകയായി 'മഹത്തായ ചില സൃഷ്ടികൾ ചിലർക്ക് വേണ്ടി മാത്രമായ്' എന്ന പരസ്യവാചകത്തോടെ ബ്രൈഡൽ സാരികളണിഞ്ഞ സുന്ദരികൾ എട്ട് കൂറ്റൻ ഫ്ളക്സ് ബോർഡുകളിൽ കാറ്റും വെളിച്ചവും കാഴ്ചയും മറച്ച് ഇപ്പോഴും അവിടെ നിൽപ്പുണ്ട്. പരസ്യഫലക സ്ഥാപിക്കുന്നതിനോളം മഹത്വം വില്പനശാലാ കെട്ടിടത്തിന് ഇല്ലെങ്കിലും ഇപ്പോഴത്തെ സെക്രട്ടറി ആ സ്ഥലം ഒന്നു പരിഗണിച്ചിരുന്നെങ്കിൽ പകരം വെക്കാനില്ലാത്ത ഒരു തണൽവൃക്ഷം രക്ഷപ്പെടുമായിരുന്നു.

വില്പനശാലാ കെട്ടിടം പണിയുന്നതിന് അക്കാദമി കോംപൗണ്ടിൽ വേണ്ടത്ര സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്. ചോരച്ചാലുകൾ നീന്തിക്കയറിയ പ്രസ്ഥാനത്തിലൂടെ വന്ന മുൻ സെക്രട്ടറി അദ്ദേഹത്തിന്റെ ഭരണകാലത്ത് അക്കാദമിയുടെ മതിലിനോടു ചേർന്നു നിന്നിരുന്ന മദിരാശി മരങ്ങളുടെയെല്ലാം ശിഖരങ്ങൾ അരിഞ്ഞുമാറ്റി അവിടെ മൂന്നാൾ പൊക്കത്തിലുള്ള ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കാൻ അനുവാദം നൽകിയിരുന്നു. റിക്ഷാവാലകൾ റിക്ഷയും വലിച്ച് നടക്കുന്നതുപോലെ പേരിനൊപ്പം സദാസമയവും കവിപ്പട്ടവും വലിച്ചിഴച്ച് നടന്നിട്ടും മുൻ ഭരണാധികാരിക്ക്, ഒരു ഭാഗം മുഴുവനുമുണ്ടായിരുന്ന പച്ചമേലാപ്പ് അരിഞ്ഞിടുന്നതിൽ ഒരു മനഃസാക്ഷിക്കുത്തും ഉണ്ടായില്ല. ഫ്ളക്സ് ബോർഡുകൾ ഇപ്പോഴും അവിടെ പ്രതാപത്തോടെ നില്പുണ്ട്. നഗരത്തിലെ മർദ്ദിതരും പീഡിതരുമായ ജ്വല്ലറി ഉടമകൾക്കും പട്ടുസാരി വ്യാപാരികൾക്കും സൂപ്പർമാർക്കറ്റ് ഗ്രൂപ്പുകൾക്കും പരസ്യബോർഡ് ഉയർത്താനുള്ള മൗലികാവകാശത്തെ ഉയർത്തിപ്പിടിക്കുക എന്ന മഹത്തായ സ്വപ്നമാണ് അന്നത്തെ നടപടിക്കു പിന്നിൽ ഉണ്ടായിരുന്നത്. മഹത്തായ സ്വപ്നം എന്ന് വെറുതെ പറഞ്ഞതല്ല, കൊച്ചിയിലെ ലുലുമാളിന്റെ വകയായി 'മഹത്തായ ചില സൃഷ്ടികൾ ചിലർക്ക് വേണ്ടി മാത്രമായ്' എന്ന പരസ്യവാചകത്തോടെ ബ്രൈഡൽ സാരികളണിഞ്ഞ സുന്ദരികൾ എട്ട് കൂറ്റൻ ഫ്ളക്സ് ബോർഡുകളിൽ കാറ്റും വെളിച്ചവും കാഴ്ചയും മറച്ച് ഇപ്പോഴും അവിടെ നിൽപ്പുണ്ട്. പരസ്യപ്പലക സ്ഥാപിക്കുന്നതിനോളം മഹത്വം വില്പനശാലാ കെട്ടിടത്തിന് ഇല്ലെങ്കിലും ഇപ്പോഴത്തെ സെക്രട്ടറി ആ സ്ഥലം ഒന്നു പരിഗണിച്ചിരുന്നെങ്കിൽ പകരം വെക്കാനില്ലാത്ത ഒരു തണൽവൃക്ഷം രക്ഷപ്പെടുമായിരുന്നു. (ആർക്കറിയാം, മുല്ലപ്പെരിയാർ അണക്കെട്ടിലേതുപോലെ 999 വർഷത്തേക്കോ മറ്റോ പരസ്യം വെക്കാനുള്ള അവകാശം യൂസഫലിയുമായി ഒപ്പുവെച്ചിട്ടില്ലെന്ന്!).

നാട്ടിൽനിന്ന് ഇരന്നിട്ടാണെങ്കിലും നിങ്ങൾക്ക് കെട്ടിടത്തിന് അടിത്തറ പണിയാൻ ചെലവായ പണം തിരിച്ചുതരാമെന്നും ആ മ

രത്തിന്റെ അടിയിൽനിന്നും കെട്ടിടം മാറ്റി സ്ഥാപിച്ച് നാട്ടുമാവിനെ നിലനിർത്തണമെന്നും ആവശ്യപ്പെട്ട് കേരള വൃക്ഷ-പരിസ്ഥിതി സംരക്ഷണസമിതിയുടെ ജില്ലാ സെക്രട്ടറി ഹെൻട്രി സാബു കൃഷ്ണൻനായരെ അയാളുടെ ഓഫീസിൽ ചെന്നുകണ്ടു. 'അമ്പത് ക്ലാസിക് ഗ്രന്ഥങ്ങളുടെ പേരുപറയാതെ, നൂറോളം തത്വചിന്തകരേയും എഴുത്തുകാരേയും പരാമർശിക്കാതെ ഒരു സ്വാഗതപ്രസംഗംപോലും പറയാൻ സാധിക്കാത്ത നിങ്ങളെപോലൊരാൾ അടിത്തൂരപ്പന്റെ പണി ചെയ്യുന്നതിലാണ് മാഷേ ഞങ്ങൾക്കു വിഷമം' എന്ന് ഹെൻട്രി തുറന്നു പറഞ്ഞു. മരണവീട്ടിൽ ചെന്നാലും ചെവി മുതൽ ചെവിവരെ ചിരിച്ചുകാണിക്കുന്ന സെക്രട്ടറി 'കേളി'യുടെ പുതിയ ലക്കം കൊടുത്തുകൊണ്ട് ഹെൻട്രിയോട് പറഞ്ഞത് ഒറ്റകൊമ്പും മുറിക്കാതെയാണ് കെട്ടിടം പണിയുക എന്നാണ്. ആറന്മുളയിൽ പാടം നികത്താൻ വേണ്ടി ഒറ്റ കൊട്ട മണ്ണുപോലും ഇടില്ലെന്നും എന്നാൽ വിമാനത്താവളം പണിയുന്നതിൽ നിന്നും ഒറ്റ അടിപോലും പിന്നോട്ടു പോകില്ലെന്നും ഒരേ വായകൊണ്ട് പറയുന്ന കപടരാഷ്ട്രീയക്കാരന്റെ ഭാഷാനൈപുണ്യം തന്നെയാണ് സെക്രട്ടറിയിലും വിളയാടുന്നത്. തങ്ങളുടെ ആ അവയവത്തിൽ വളരുന്ന ആലിന്റെ തണലിനോളം ലോകത്ത് ഒരു തണലും വരില്ലെന്നു തന്നെയാണ് അയാൾ പറയാതെ പറയുന്നത്. മാവ് മുറിക്കില്ലെന്നു പറയുമ്പോഴും പില്ലർ വാർക്കുന്നതിനുള്ള ഇരുമ്പുകമ്പികൾ ശിഖരങ്ങൾക്കിടയിലൂടെയാണ് ഉയർന്നു നിൽക്കുന്നത്. മരത്തെ ഒറ്റയടിക്ക് വെട്ടിയിട്ടാൽ പ്രതിഷേധം ഉണ്ടാകുമെന്നതിനാൽ ചുമർ ഉയരുന്നതിനനുസരിച്ച് ഓരോ കൊമ്പുകളായി മുറിച്ചുമാറ്റുക എന്ന പദ്ധതിയാണ് അവിടെ ആവിഷ്ക്കരിക്കുന്നത്. അടിത്തൂരപ്പന്റെ അഥവാ പെരുച്ചാഴിയുടെ ബുദ്ധിയാണ് നടപ്പിലാക്കുന്നത്. കെട്ടിടമോ മരമോ വീണു കഴിഞ്ഞാൽ മാത്രമേ അടിത്തൂരപ്പന്റെ പണിയായിരുന്നു എന്ന് ലോകത്തിന് മനസ്സിലാകുകയുള്ളൂ.

തൃശൂരിലെ തന്റെ ദീർഘകാലത്തെ ജീവിതത്തിനിടയിൽ സാഹിത്യ സംഘാടകനായ ഈ സൃഗാലബുദ്ധിയെ നിരന്തരം കാണേണ്ടിവന്നതുകൊണ്ടാകാം മഹാകവി വൈലോപ്പിള്ളിക്ക് 'ഇത്തിരിവട്ടം മാത്രം കാണ്മ



വർ, ഇത്തിരിവട്ടം മാത്രം ചിന്തിപ്പവർ' എന്നെഴുതിയതിനുശേഷം തൃപ്തിവരാതെ 'അധോമുഖവാമനർ' എന്നുകൂടി പ്രയോഗിക്കേണ്ടിവന്നത്. 'പുഞ്ചിരി, ഹാ, കുലീനമാം കള്ളം'എന്നെഴുതിയതിനു പിന്നിലുള്ള പ്രചോദനം അന്വേഷിച്ച് വേറെ ഒരിടത്തും പോകേണ്ടതില്ല. മലയാളഭാഷയ്ക്ക് ഒരു വാക്ക് സമ്മാനിക്കാൻ ഒരു മഹാകവിക്ക് പ്രചോദനമാകും വിധം ജീവിതം നയിച്ചു എന്നതായിരിക്കാം സാംസ്കാരിക രംഗത്ത് ഈ മഹാൻ നല്കിയ സംഭാവന.

കേരള സംഗീത നാടക അക്കാദമിയുടെ മുഖമാസികയായ 'കേളി'യുടെ പുതിയ ലക്കം കാണേണ്ടതുതന്നെയാണ്. മാസികയുടെ ആദ്യത്തെ മൂന്നു പേജുകൾ നിറയെ ഈ ഭരണസമിതിയുടെ നേട്ടങ്ങൾ അക്കമിട്ട് നിരത്തിയിരിക്കയാണ്. അക്കാദമി ഓഫീസിലേക്കെത്താനുള്ള റോഡ് ഒഴികെ എല്ലായിടത്തും എയർകണ്ടീഷൻ ചെയ്തതും ചെയ്യാൻ തീരുമാനിച്ചതുമാണ് അതിൽ പരമപ്രധാനമായി എഴുന്നള്ളിച്ചിരിക്കുന്നത്. കലാകാരന്മാർക്ക് പെൻഷനായും സ്കോളർഷിപ്പായും ഇൻഷൂറൻസായും പണം വാരിക്കോരി കൊടുക്കുന്നതിന്റെ വിസ്തരിച്ച വിവരങ്ങൾ പിറകേ വരുന്നു. കലാകാരന് ഒരു ലക്ഷം രൂപ (ചത്തതിന്) ആഴ്ചയിൽ 500 രൂപ വീതം 10 ആഴ്ച (ചാവാത്തതിന്) 500 രൂപ വീതം 100 ആഴ്ച (അപകടത്തിൽ പെട്ടിട്ടും ചാവാത്തതിന്) എന്നിങ്ങനെ പട്ടിക തിരിച്ചു തന്നെ അതിൽ വിസ്തരിച്ചിട്ടുണ്ട്. അക്കമിട്ട് എഴുതിയിട്ടുള്ള 36 നേട്ടങ്ങളും ചരിത്രത്തിലാദ്യമായി എന്നോ ഇന്ത്യാമഹാരാജ്യത്ത് ആദ്യമായി എന്നോ പ്രപഞ്ചോല്പത്തിക്കു ശേഷം ആദ്യം എന്നോ ഉള്ള വിശേഷണങ്ങളോടെയാണ് കൊടുത്തിരിക്കുന്നത്. 'കേളി'യുടെ മൂന്നു പേജ് നിറയെ എഴുതിയ നേട്ടങ്ങളുടെ ലിസ്റ്റ് ചെയർമാന്റേയും സെക്രട്ടറിയുടേയും പേരു സഹിതം അക്കാദമിയുടെ ഒരു ഭാഗത്തെ ഭിത്തി മുഴുവൻ ഉപയോഗപ്പെടുത്തി മാർബിളിൽ കൊത്തിവെച്ചിട്ടുകൂടിയുണ്ട്. നേട്ടങ്ങളുടെ പട്ടിക ഇതിലൊന്നും ഒതുങ്ങാത്തതുകൊണ്ട് മാർബിൾ പണിശാലയിൽ പണിക്കാർ നിന്ന് ഇപ്പോഴും കൊത്തികൊണ്ടിരിക്കുകയാണ്. അങ്ങിനെ ചരിത്രത്തിലാദ്യമായി മാർബിൾ ഫലകങ്ങളാൽ ഒരു തിയ്യറ്റർ കോംപ്ലക്സ് ഉയരാൻ പോകുന്നു. 'അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രി കുടപിടിക്കും' എന്ന ശൈലിപോലും ഇവിടത്തെ പാച്ചുവിന്റെയും കോവാലന്റേയും മുന്നിൽ തീരെ അപര്യാപ്തമായിപോകുന്നു.

ഓടിച്ചിട്ടുപിടിച്ച് ഏൽപിച്ചാൽപോലും ജനങ്ങൾ വാങ്ങാൻ കൂട്ടാക്കാത്ത 'കേളി' പോലുള്ള പ്രസിദ്ധീകരണങ്ങൾ വില്ക്കുന്നതിനുവേണ്ടിയാണ് മരങ്ങൾ മുറിച്ചുമാറ്റി കെട്ടിടം പണിയുന്നത്. മലയാളത്തിലെ പത്രങ്ങൾ മിക്കവയും പേജിന്റെ പകുതിഭാഗവും നിറഞ്ഞു നിൽക്കുന്ന ചിത്രം സഹിതം വൃക്ഷഹത്യയുടെ വാർത്തകൾ കൊടുത്തിരുന്നു. മാതൃഭൂമി, കൊലക്കിരയാകാൻ പോകുന്ന തന്നെ രക്ഷപ്പെടുത്തണമെന്ന് വൃക്ഷം കേണപേക്ഷിക്കുന്നതുപോലെയാണ് വാർത്ത അവതരിപ്പിച്ചത്.

സി.വി. രാമൻപിള്ളയുടെ പ്രതിമക്കു പകരം സി.വി.രാമന്റെ പ്രതിമ സ്ഥാപിച്ച് മലയാളസാഹിത്യത്തെ ബഹുദൂരം മുന്നോട്ടുകൊണ്ടുപോയി പേരും പ്രശസ്തിയും നേടിയ സാഹിത്യസെക്രട്ടറിയെ കടത്തിവെട്ടാനായിരിക്കണം സംഗീതസെക്രട്ടറിയുടെ വൃക്ഷങ്ങൾക്കു നേരേയുള്ള കടന്നാക്രമണം. സാഹിത്യ അക്കാദമിക്കുള്ളിലേക്ക് പ്രവേശിക്കുന്ന മനുഷ്യരെ എങ്ങിനെ അടിച്ചോടിക്കാം എന്നതിൽ ഗവേഷണം നടത്തുന്ന സാഹിത്യസെക്രട്ടറിയും അകത്തുനിൽക്കുന്ന വൃക്ഷങ്ങളെ മുറിച്ചുമാറ്റി എങ്ങിനെ കാശ് വരുത്തുന്ന കെട്ടിടങ്ങൾ പണിയാം എന്ന് ആലോചിക്കുന്ന സംഗീതസെക്രട്ടറിയും ചേർന്ന് സാംസ്കാരികരംഗം സർക്കാർ ചെലവിൽ തന്നെ മലീമസമാക്കികൊണ്ടിരിക്കയാണ്. പിഞ്ഞാണക്കടയിൽ കയറിയ കാളക്കൂറ്റനെപോലെ നീയോ ഞാനോ മുമ്പൻ എന്ന മട്ടിൽ വാഴുന്നിടം നശിപ്പിച്ചുകൊണ്ടിരിക്കുന്ന, മനുഷ്യരേയും മരങ്ങളേയും കണ്ടുകൂടാത്ത ഈ അനുചരകിങ്കരന്മാരുടെ ചെയ്തികൾ കണ്ട് തന്റെ കൊച്ചരിപ്പല്ലുകളാൽ ചിരിച്ചുകാണിക്കുന്നതല്ലാതെ സാംസ്കാരിക വകുപ്പുമന്ത്രി കെ.സി. ജോസഫ് ഒരു നടപടിയും എടുക്കുന്നില്ല. 'നിങ്ങളൊക്കെകൂടി എന്നെ വീണ്ടും വീണ്ടും നാണം കെടുത്തുകയാണ്' എന്ന് സാംസ്കാരിക രംഗം ഭരിക്കുന്ന വൈതാളികരോട് മൊഴിഞ്ഞത് മാത്രമാണ് കൊച്ചരിപ്പല്ലുകൾക്കിടയിലൂടെ വന്ന ഒരേയൊരു പ്ര

തികരണം.

ഓടിച്ചിട്ടുപിടിച്ച് ഏൽപിച്ചാൽപോലും ജനങ്ങൾ വാങ്ങാൻ കൂട്ടാക്കാത്ത 'കേളി' പോലുള്ള പ്രസിദ്ധീകരണങ്ങൾ വില്ക്കുന്നതിനു വേണ്ടിയാണ് മരങ്ങൾ മുറിച്ചുമാറ്റി കെട്ടിടം പണിയുന്നത്. മലയാളത്തിലെ പത്രങ്ങൾ മിക്കവയും പേജിന്റെ പകുതിഭാഗവും നിറഞ്ഞുനിൽക്കുന്ന ചിത്രം സഹിതം വൃക്ഷഹത്യയുടെ വാർത്തകൾ കൊടുത്തിരുന്നു. മാതൃഭൂമി, കൊലക്കിരയാകാൻ പോകുന്ന തന്നെ രക്ഷപ്പെടുത്തണമെന്ന് വൃക്ഷം കേണപേക്ഷിക്കുന്നതുപോലെയാണ് വാർത്ത അവതരിപ്പിച്ചത്. എല്ലാ ചാനലുകളും അവർക്കാവുന്നപോലെ മാവിനോടൊപ്പമുണ്ട്. മരത്തെ രക്ഷിക്കാനുള്ള പരാതിയുമായി ഏത് ഓഫീസുകളിൽ ചെന്നാലും അവിടത്തെ ജീവനക്കാർ നാട്ടുമാവിനെ ഇല്ലാതാക്കാൻ തീരുമാനം എടുത്തവർക്കെതിരെ രോഷത്തോടെയാണ് പ്രതികരിക്കുന്നത്. സെപ്തംബർ 13-ന്, തൃശൂരിലെ കലാസാംസ്കാരിക പാരിസ്ഥിതിക രംഗത്തു പ്രവർത്തിക്കുന്ന ഇരുപത്തഞ്ചിലധികം സംഘടനകൾ ചേർന്ന് അക്കാദമിയിലെ മാവിനു ചുവട്ടിൽ രാവിലെ മുതൽ വൈകുന്നേരം വരെ പ്രതിഷേധക്കൂട്ടായ്മ നടത്തിയിരുന്നു- കവികളും കലാകാരന്മാരും സിനിമാപ്രവർത്തകരും വിദ്യാർത്ഥികളും വൈദികരും അടക്കം നിരവധിപേർ അതിൽ പങ്കെടുത്തു. നാട്ടുമാവിനെ നിലനിർത്തണമെന്നും കെട്ടിടം മാറ്റിസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് സെക്രട്ടറിക്ക് കൊടുക്കാൻ പോകുന്ന നിവേദനത്തിലേക്ക് ആയിരത്തൊന്ന് പേരുടെ ഒപ്പുകൾ ശേഖരിക്കലും അവിടെ നടന്നു. കെട്ടിടത്തിനു വേണ്ടി പിഴുതുമാറ്റി നശിപ്പിച്ച മഹാഗണിക്കും കണിക്കൊന്നക്കും നെല്ലിക്കും പകരം അതേ മരത്തിന്റെ തൈകൾ എല്ലാവരും ചേർന്ന് അവിടെ നട്ടു. പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫറും എഴുത്തുകാരനുമായ എൻ.എ. നസീറാണ് മരത്തിന് ചുറ്റും കെട്ടിയിരുന്ന വെള്ളത്തുണിയിൽ ഒപ്പുവെച്ചുകൊണ്ട് പ്രതിഷേധക്കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചത്.

മനോരമ പത്രം അരപ്പേജ് വലിപ്പമുള്ള ഒരു മനോഹര ചിത്രം കൊടുത്ത് 'നൃത്തമുദ്രാ മാവിന് മഴുവീഴുന്നു' എന്ന തലക്കെട്ടോടെ ഈ വിഷയം വാർത്തയാക്കിയിരുന്നു. ആ ചിത്രം കാണിച്ചുകൊടുത്ത് മാവിനെ രക്ഷപ്പെടുത്താൻ ഒരു ഒപ്പുവേണമെന്ന് പ്രശസ്ത ചലച്ചിത്ര സംവിധായകനായ കുമാർ സാഹ്നിയോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഒപ്പിട്ടുകൊണ്ട് പറഞ്ഞു, "ഇത്തരം ഒരു മരത്തെ ഇല്ലാതാക്കാൻ എങ്ങനെ മനസ്സുവരുന്നു? എങ്ങനെയാണ് ഇത്തരം മനസ്സുള്ളവർ നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളുടെ തലപ്പത്ത് എത്തിപ്പറ്റുന്നത്?" ഒപ്പുശേഖരണത്തിനു വേണ്ടി ആളുകളെ സമീപിക്കുമ്പോൾ ആ മാവിന്റെ തണലനുഭവിച്ചിട്ടുള്ള ചിലർ പറഞ്ഞത്, ഇത്തരത്തിലുള്ള ഒരു വൃക്ഷത്തെ വെട്ടിമാറ്റി കെട്ടിടം പണിയുന്നതിനെതിരെ ഒപ്പുശേഖരണം പോലുള്ള മൃദുസമീപനമല്ല വേണ്ടതെന്നാണ്. 'ഇതിനൊന്നും പരാതിപ്പെടുകയല്ല, ഇതിനുത്തരവിട്ടവന്റെ ചെവിക്കുറ്റി അടിച്ചു പൊട്ടിക്കുകയാണ് വേണ്ടത്' എന്നാണ് പലരും പറഞ്ഞത്. എന്നാലത് നിങ്ങൾക്ക് ചെയ്യരുതോ എന്ന് ചോദിച്ചാൽ അതിന് ആരും തയ്യാറുമല്ല. പ്രതിഷേധം സംഘടിപ്പിച്ചവരിലും അതിനു തയ്യാറുള്ളവർ ആരുമില്ല.

'ചരിത്രത്തിലാദ്യമായി അധോമുഖ വാമനന്റെ കരണക്കുറ്റിക്ക് അടിച്ചയാൾ' എന്ന വിശേഷണവുമായി ജീവിക്കേണ്ടിവരുന്നതിലെ ജാള്യത ഏറ്റെടുക്കാൻ ഒരാളും ഇഷ്ടപ്പെടുന്നില്ല.

**വാൽക്കഷ്ണം**

ഒരു തൈ നടുമ്പോൾ ഉണ്ടാകുന്ന സമൃദ്ധിയെപറ്റി ഒ.എൻ.വി.യുടെ ചെറിയ ഒരു കവിതയുണ്ട്. 'ഒരു തൈ നടുമ്പോൾ' എന്നുതന്നെയാണ് ആ കവിതയുടെ പേര്. ഒരു വസന്തത്തിന് വളർപന്തൽ കെട്ടുവാൻ ഒരു കാൽ നടുന്നു, ശാരികപെണ്ണിന് താണിരുന്നാടാൻ ഒരൂഞ്ഞാൽ നടുന്നു, കൊതിയൂറി നിൽക്കുന്ന കുസൃതിക്കുരുന്നിന് കൈ നിറയെ, മടിനിറയെ മധുരം നടുന്നു..... അങ്ങിനെ പോകുന്നു ഒരു തൈ നടുമ്പോഴുള്ള നേട്ടങ്ങൾ. ക്രാന്തദർശിയായ കവി കവിതയുടെ അവസാനം ഇത്രയുംകൂടി എഴുതിയിട്ടുണ്ട്:

'കട്ടുമതിയാവാത്ത
കാട്ടിലെ കള്ളനും
നാട്ടിലെ കള്ളനും
നടുവഴിയിലെത്തവേ
വാനോളമുയരത്തിൽ
വാവൽ കരിങ്കൊടികൾ
കാട്ടുവാൻ വീറെഴും
കൈയ്യുകൾ നടുന്നു.' ■

അന്തരിച്ച
യുവ കഥാകൃത്തും
മാധ്യമപ്രവർത്തകനും
കേരളീയം സുഹൃത്തുമായ
**കെ.വി. അനൂപിന്**
**ആദരാഞ്ജലികൾ**

